സ്ക്കൂളുകളിൽ സാദ്ധ്യായ ദിവസങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി

* 43 [46] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയന വർഷം മുതൽ സ്ക്കൂളുകളിൽ പ്രവർത്തി ദിവസങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ദിവസങ്ങൾ വർദ്ധിപ്പിക്കുവാനാണു ഉദ്ദേശിക്കുന്നത് ;

(സി) വർദ്ധിപ്പിക്കുന്നതിന്റെ കാരണം എന്താണെന്നു വ്യക്തമാക്കാമോ ;

(ഡി) സാദ്ധ്യായ ദിവസങ്ങൾ വർദ്ധിപ്പിക്കുന്നതിനെതിരെയുള്ള അദ്ധ്യാപക സംഘടനകളുടെ ആക്ഷേപം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇതു സംബന്ധിച്ച് അദ്ധ്യാപക സംഘടനകളുടെയും വിദ്യാർത്ഥി സംഘടനകളുടെയും അഭിപ്രായം ആരായാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ, ബി, സി) കേന്ദ്രഗവൺമെൻറിന്റെ പുതിയ വിദ്യാഭ്യാസ നയത്തെക്കുറിച്ച് 1986 ജനുവരിയിൽ ഡൽഹിയിൽവച്ചു നടത്തിയ വിദ്യാഭ്യാസ മന്ത്രിമാരുടെ സമ്മേളനത്തിൽ, അടുത്ത അദ്ധ്യയന വർഷംമുതൽ സ്ക്കൂൾ സാദ്ധ്യായ ദിവസങ്ങളുടെ എണ്ണം 240 ആയി വർദ്ധിപ്പിക്കാനുള്ള ഒരു നിർദ്ദേശം അംഗീകരിക്കുകയുണ്ടായി. ഇതിൽ കേന്ദ്രഗവൺമെൻറ് ഒരു തീരുമാനമെടുക്കുമ്പോൾ സംസ്ഥാന ഗവൺമെൻറ് അതു പരിഗണിക്കേണ്ടതാണ്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

സംസ്ഥാനത്തിന്റെ സാമ്പത്തിക നില

* 44 [47] ശ്രീ. കെ. ശങ്കരനാരായണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തികനില ഭദ്രമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) സാമ്പത്തികനില ഭദ്രമാക്കുന്നതിന് കേന്ദ്രസഹായം എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ ;

(സി) ധനകാര്യ കമ്മീഷൻ, റവന്യൂകമ്മി നികത്താൻ പണം അനുവദിക്കാത്തതിനെ തുടർന്ന് സംസ്ഥാന സർക്കാർ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly